*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

173rd Issue - Volume 5, No. 7 **ജാഗ്രത** 26th February 2011

"മറ്റുള്ളവരെ കാണിക്കാൻ വേണ്ടി അവരുടെ മുമ്പിൽവച്ച് നിങ്ങളുടെ സൽക്കർമ്മങ്ങൾ അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. അല്ലെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിങ്കൽ നിങ്ങൾക്കു പ്രതിഫലമില്ല."

(മത്തായി 6:1)




## പ്രധാന വാർത്തകൾ

**ഒരു മുന്നണിയുമായി ലത്തീൻ സഭയ്ക്ക് പ്രത്യേക ധാരണയില്ല: ആർച്ച്ബിഷപ് ഡോ. സൂസപാക്യം**

---

**വചനത്തിലൂടെ പുതിയ അഭിഷേകമുണ്ടാകണം: ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**

---

**ദൈവത്തിൽ പ്രത്യാശയർപ്പിച്ച് മരണശിക്ഷക്കു വിധിക്കപ്പെട്ട ആസിയബിബി**

---

**കമ്മ്യൂണിസ്ററ് ലേബർക്യാമ്പിലെ ഓർമ്മകളുമായി ഹവാന കർദ്ദിനാൾ**

---

**ലോകത്തിൽ കത്തോലിക്കാ ജനസംഖ്യ ഒന്നരകോടി കൂടി**

---

## വാരാന്ത്യവീക്ഷണം

**വരുംകാല രാഷ്ട്രീയ നേതൃത്വത്തെ ഒരുക്കാൻ**

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil

## ഒരു മുന്നണിയുമായി ലത്തീൻ സഭയ്ക്ക് പ്രത്യേക ധാരണയില്ല: ആർച്ച്ബിഷപ് ഡോ. സൂസപാക്യം



ഇടതുപക്ഷ മുന്നണിയുമായി ലത്തീൻ സഭ ഒരു ധാരണയുമുണ്ടാക്കിയിട്ടില്ലെന്നു കേരള റീജൺ ലത്തീൻ കത്തോലിക്കാ കൗൺസിൽ പ്രസിഡന്റും തിരുവനന്തപുരം ആർച്ച്ബിഷപ്പുമായ ഡോ. സൂസപാക്യം. കേരളത്തിലെ കത്തോലിക്കാസഭ ഒറ്റക്കെട്ടായി നില്ക്കുമെന്നും സഭയ്ക്ക് ഏറ്റവും വലുത് ഈശ്വരവിശ്വാസവും മൂല്യങ്ങളുമാണെന്നും അദ്ദേഹം വ്യക്തമാക്കി. ലത്തീൻസഭയും ഇടതുസർക്കാരുമായി ധാരണയുണ്ടാക്കിയെന്ന പത്രറിപ്പോർട്ടിന് ഒരു അടിസ്ഥാനവുമില്ല. ഊഹാപോഹമാണത്. ഇടതുചായ്‌വെന്നതു തെറ്റായ വ്യാഖ്യാനമാണ്. കെസിബിസി ഒറ്റക്കെട്ടായി നില്ക്കും. തനിക്ക് ഒരു രഹസ്യ അജൻഡയുമില്ല. ഇടതുസർക്കാരിൽ നിന്ന് ഒരാനുകൂല്യവും കിട്ടിയിട്ടില്ല. വിദ്യാഭ്യാസ കാര്യങ്ങൾ സംസാരിക്കാൻ കഴിഞ്ഞയാഴ്ചയാണ് ആദ്യമായി മന്ത്രി വരുന്നത്. സഭയുടെ അവകാശങ്ങൾ ബലികഴിക്കാനാകില്ല. കത്തോലിക്കാസഭ കക്ഷിരാഷ്ട്രീയത്തിൽ ഇടപെടില്ല. ഏതെങ്കിലും പാർട്ടിക്കു വോട്ടു ചെയ്യണമെന്നു പറയില്ല. പ്രശ്നാധിഷ്ഠിത, മൂല്യാധിഷ്ഠിത സമദൂരമാണു നയം. എങ്കിലും ഏറ്റവും വലുത് ഈശ്വരവിശ്വാസമാണ്: ആർച്ച് ബിഷപ് പറഞ്ഞു.

ലത്തീൻ സമുദായത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ചു പ്രധാനമന്ത്രി മൻമോഹൻ സിംഗ്, കോൺഗ്രസ് പ്രസിഡന്റ് സോണിയാ ഗാന്ധി എന്നിവരെക്കണ്ടു ചർച്ച നടത്തിയശേഷം മന്ത്രി കെ.വി. തോമസിന്റെ വസതിയിൽ നടത്തിയ പത്രസമ്മേളനത്തിലാണ് ഡോ. സൂസപാക്യം സഭയുടെ നിലപാട് അർഥശങ്കയില്ലാതെ വിശദീകരിച്ചത്. പ്രധാനമന്ത്രി മൻമോഹൻ സിംഗും സോണിയാ ഗാന്ധിയും വളരെ നല്ല സമീപനമാണു സ്വീകരിച്ചത്. കൂടിക്കാഴ്ചയിൽ ഇരുവരും കാണിച്ച ആത്മാർഥത അഭിനയമായിരുന്നില്ല. പാവപ്പെട്ടവരെ സഹായിക്കണമെന്നു പ്രധാനമന്ത്രിയും സോണിയയും ആത്മാർഥമായി ആഗ്രഹിക്കുന്നുണ്ട്. ദളിത് ക്രൈസ്തവർക്ക് അവരുടെ സഹോദര സമുദായങ്ങൾ അനുഭവിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുന്നതു ശരിയല്ലെന്ന് ഇരുനേതാക്കൾക്കും ബോധ്യപ്പെട്ടതായും ആർച്ച്ബിഷപ് പറഞ്ഞു. വിശ്വാസത്തിനും മൂല്യങ്ങൾക്കും വേണ്ടിയാണു സഭ നിലകൊള്ളുന്നത്. സഭ രാഷ്ട്രീയത്തിൽ ഇടപെടും; കക്ഷിരാഷ്ട്രീയത്തിൽ ഇടപെടില്ല.

ഏതെങ്കിലും പാർട്ടിക്കു വോട്ടു ചെയ്യണമെന്നു പറയില്ല. വോട്ട് ഓരോ പൗരന്റെയും ഭരണഘടനാപരമായ മൗലികാവകാശമാണ്. മനഃസാക്ഷിയനുസരിച്ചു വോട്ടുചെയ്യാൻ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. എന്നാൽ, മൂല്യാധിഷ്ഠിതവും വിശ്വാസപരവുമായ മാർഗനിർദേശങ്ങൾ സഭ നൽകും. സഭയും രാഷ്ട്രീയവും രണ്ടും രണ്ടാണ്. യോജിക്കാവുന്നതും അകന്നു നിൽക്കേണ്ടതുമായ മേഖലകളുണ്ട്. സഭയുടേതു പൊതുവായ നിലപാടാണെന്നും ആർച്ച്ബിഷപ് ചൂണ്ടിക്കാട്ടി. പഞ്ചായത്തു തെരഞ്ഞെടുപ്പിൽ എൽഡിഎഫിൽ നിന്നും യുഡിഎഫിൽ നിന്നും സഭാവിശ്വാസികൾ ജയിച്ചിട്ടുണ്ട്. എന്നാൽ യുഡിഎഫിൽ നിന്നാണ് ഏറ്റവും കൂടുതൽ ജയിച്ചുവന്നത്. സഭാംഗങ്ങൾ ഏറെയും പരമ്പരാഗതമായി യുഡിഎഫ് കുടുംബാംഗങ്ങളായതുകൊണ്ടാകാം ഇതെന്നും ഡോ. സൂസപാക്യം വിശദീകരിച്ചു. ഇടതുസർക്കാരിന്റെ കാലത്ത് പാഠപുസ്തകത്തിലൂടെ നിരീശ്വരവാദം പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതായി സംശയമുണ്ടെന്നു ഡോ. സൂസപാക്യം പറഞ്ഞു.

## വചനത്തിലൂടെ പുതിയ അഭിഷേകമുണ്ടാകണം: ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ



സഭയുടെ സന്ദേശങ്ങൾ മനസിലാക്കാൻ സാധിക്കാതെ പോകുന്നതു പരിശുദ്ധാരൂപിയുടെ അഭിഷേകം ഇല്ലാത്തതിനാലാണെന്നും വചനത്തിലൂടെയേ പുതിയ അഭിഷേകം ഉണ്ടാകുകയുള്ളൂവെന്നും ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ. കോട്ടയം കാത്തലിക് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നെഹ്റു സ്റ്റേഡിയത്തിൽ ആരംഭിച്ച അഭിഷേകാഗ്നി ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. തീനാളങ്ങളുടെ രൂപത്തിൽ അഭിഷേകം ഉണ്ടാകുമ്പോൾ അതു സ്വീകരിക്കാൻ നമുക്കു കഴിയണം. അതു സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ ആളിപ്പടരും. അതു നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും മാറ്റങ്ങൾ ഉണ്ടാക്കും. വചനം പങ്കുവയ്ക്കലിന്റെ കൂട്ടായ്മയാണ്. ഈ കൂട്ടായ്മയിൽ പങ്കുചേരുമ്പോൾ ആത്മാവും ജീവനുമായ തിരുവചനത്താൽ നാം പരിപോഷിതരാകുമെന്നും മിശിഹായുടെ ശാന്തിയും സമാധാനവും സൗഖ്യവും

സ്വന്തമാക്കാനും വിശ്വാസത്തിനു സാക്ഷ്യം വഹിക്കാനും സാധിക്കുമെന്നും ബിഷപ് കൂട്ടിച്ചേർത്തു. (കർത്താവ് അഗ്നിയിൽ എഴുന്നള്ളും, അവിടുത്തെ രഥം കൊടുങ്കാറ്റുപോലെ) എന്ന ഏശയ്യ പ്രവാചകന്റെ വചനത്തെ അടിസ്ഥാനമാക്കിയാണു അഭിഷേകാഗ്നി ഒരുക്കിയിരിക്കുന്നത്.

## ദൈവത്തിൽ പ്രത്യാശയർപ്പിച്ച് മരണശിക്ഷക്കു വിധിക്കപ്പെട്ട ആസിയബിബി

പാക്കിസ്ഥാനിൽ ദൈവദൂഷണകുറ്റത്തിന് അറസ്റ്റിലായ ക്രൈസ്തവകുടുബിനി ആസിയബിബി ദൈവം തന്റെ പ്രാർത്ഥന കേൾക്കുമെന്ന പ്രത്യാശയിലാണ്. "ദൈവം എന്റെ പ്രാർത്ഥന കേൾക്കും തടവിൽ നിന്നും സ്വതന്ത്രയായി എന്റെ കുടുബത്തോടൊപ്പം ചേരാൻ എനിക്കുകഴിയും." സ്പാനിഷ് ദിനപത്രം 'എൽ പായ്സ്' നു നല്കിയ അഭിമുഖത്തിലാണ് ലോകശ്രദ്ധ ആകർഷിക്കുന്ന ആസിയബിബി തന്റെ മനസുതുറന്നത്.

കേസിനെകുറിച്ച് ആസിയയ്ക്കുപറയാനുള്ളത് ഇങ്ങനെ; "അയൽവാസിയായ നികുതിപിരിവുകാരന്റെ മൃഗങ്ങൾ തങ്ങളുടെ വീടിനും പരിസരത്തിനും നാശനഷ്ടങ്ങളുണ്ടാക്കി. അതിനെതിരെ പരാതിപറഞ്ഞപ്പോൾ അയാൾ അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. തുടർന്ന് എനിക്കെതിരെ ആസൂത്രിതമായ നീക്കങ്ങളാണ് അയാൾ നടത്തിയത്. കുറച്ചു ദിവസങ്ങൾക്കു ശേഷം പാടത്തു പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ കൂടെ പണിയെടുക്കുന്നവർക്കു ഞാൻ വെള്ളം കൊണ്ടു പോയികൊടുത്തു. ക്രിസ്ത്യാനികളുടെ പാത്രത്തിൽനിന്നും വെള്ളം കുടിക്കാൻ പാടില്ല എന്ന് ഇസ്ലാം മതവിശ്വസികളായ അവർ പറഞ്ഞപ്പോൾ ഞാൻ അവരുമായി തർക്കിച്ചു. പക്ഷേ ഞാൻ ഒരിക്കലും പ്രവാചകനെയോ അള്ളാഹുവിനെയോ പ. ഖുറാനെയോ അധിക്ഷേപിച്ചില്ല. അഞ്ചു ദിവസത്തിനുശേഷം ആരുടേയോ പരാതിപ്രകാരം ഞാൻ അറസ്റ്റിലായി" അവർ വ്യക്തമാക്കുന്നു.

പാക്കിസ്ഥാനിൽ മരണശിക്ഷക്കു വിധിക്കപ്പെട്ടു തടവിൽ കഴിയുന്ന ഏകതടവുകാരിയായ ആസിയാബിബി നിരന്തരം ബൈബിൾ വായനയിലും പ്രാർത്ഥനയിലുമാണ്. തടവിൽ കഴിയുന്ന അവർ മതതീവ്രവാദികൾ ഭക്ഷണത്തിൽ വിഷം കലർത്തുമെന്നു ഭയപ്പെട്ടു സ്വയം ഭക്ഷണം പാകം ചെയ്യുന്നു. ഭർത്താവും 12 വയസ്സുള്ള മകൾക്കും മതതീവ്രവാദികളിൽ നിന്നും ഭീഷണിയുണ്ട്. അതും രണ്ടു വർഷമായി തടവിൽ കഴിയുന്ന അവരെ ഭയപ്പെടുത്തുന്നു.

## കമ്മ്യൂണിസ്ററ് ലേബർക്യാമ്പിലെ ഓർമ്മകളുമായി ഹവാന കർദ്ദിനാൾ

ക്യൂബയിലെ കമ്മ്യൂണിസ്ററ് ലേബർ ക്യാമ്പിൽ കഴിയേണ്ടി വന്നിട്ടുള്ള ഹവാനയിലെ കർദ്ദിനാൾ ജാമീ ഒർടേഗ താൻ ഒരിക്കലും കമ്യൂണിസ്റ്റ് ക്യൂബ വിട്ടു പോകാൻ ആഗ്രഹിച്ചിട്ടില്ല എന്ന് പ്രഖ്യാപിച്ചു. ഫെബ്രുവരി 20-ാം തീയതി ക്യബയുമായുള്ള സംവാദം അന്തർദ്ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു കർദ്ദിനാൾ.

വൈദികനായതിനുശേഷം രണ്ടുവർഷം കഴിഞ്ഞപ്പോൾ എന്നെ കമ്യൂണിസ്റ്റു ഭരണാധികാരികൾ ലേബർ ക്യാമ്പിലേക്കയയ്ക്കുകയായിരുന്നു. കമ്യൂണിസ്റ്റ് വിപ്ലവത്തിൽ പങ്കു ചേരാൻ കഴിയാത്തവരായി കണക്കാക്കിയിരുന്നവരെ ലേബർക്യാമ്പിലേയ്ക്കയയ്ക്കുക എന്നതായിരുന്നു അക്കാലത്തെ രീതി. ലേബർ ക്യാമ്പിൽ നിന്നും തിരിച്ചുവന്നപ്പോൾ അദ്ദേഹത്തിന്റെ പ്രിയ പിതാവ് സ്പെയിനിലേയക്ക് പോകാനുള്ള പ്ലെയിൻ ടിക്കറ്റുമായി കാത്തുനിൽപ്പുണ്ടായിരുന്നു. മതസ്വാതന്ത്ര്യമുള്ള ദേശത്തേയ്ക്ക് പോകാൻ അദ്ദേഹം നിർബന്ധിച്ചെങ്കിലും താൻ അതിനു തയ്യാറായില്ല. കർദ്ദിനാൾ വെളിപ്പെടുത്തി.

തന്റെ ജനത്തിന്റെ എല്ലാ ജീവിതസാഹചര്യങ്ങളിലും പങ്കു ചേരാൻ നിർബന്ധം കാണിച്ച കർദ്ദിനാൾ ഒർടേഗ 2010 ജൂലായ് മുതൽ രാഷ്ട്രീയ തടവുകാരെ സ്വതന്ത്രമാക്കുവാൻ ക്യൂബൻ സർക്കാരുമായിട്ടുള്ള ചർച്ചകൾക്ക് നേതൃത്വം നൽകുന്നു.

## ലോകത്തിൽ കത്തോലിക്കാ ജനസംഖ്യ ഒന്നരകോടി കൂടി

ലോകത്തിലെ കത്തോലിക്ക ജനസംഖ്യ ഒന്നരകോടി കണ്ടു വർദ്ധിച്ചതായി വത്തിക്കാന്റെ വെളിപ്പെടുത്തൽ. 2011 ലെ പൊന്തിഫിക്കൽ ഇയർബുക്കിൽ (ആനിവാരിയോ പൊന്തിഫിച്ചിയോ) ആണ് വെളിപ്പെടുത്തൽ നൽകുന്നത്.

2956 രൂപതകളിലായിട്ട 1,181,000,000 കത്തോലിക്കർ ഉണ്ടെന്നാണ് ഇയർ ബുക്കിലെ വിശദാംശങ്ങൾ നൽകുന്ന കണക്കുകൾ വ്യക്തമാക്കുന്നത്. 2009ൽ 5065 മെത്രാന്മാരും 410593 വൈദീകരും സഭയിൽ ശുശ്രൂഷ ചെയ്യുന്നു.

## വരുംകാല രാഷ്ട്രീയ നേതൃത്വത്തെ ഒരുക്കാൻ

അഴിമതി, അഴിമതി ആരോപണങ്ങൾ , അന്വേഷണങ്ങൾ ശിക്ഷകൾ .....കേരള രാഷ്ട്രീയത്തിൽ ഇക്കഴിഞ്ഞ ആഴ്ചയിൽ നിറഞ്ഞു നിന്നത് അഴിമതി വിചാരങ്ങളും അഴിമതി വിചാരണകളുമായിരുന്നു . മാധ്യമങ്ങളിലെ വാർത്തകളിലും വർത്തമാനങ്ങളിലും നിറഞ്ഞു നിന്നിരുന്നതും ഇക്കാര്യങ്ങൾ തന്നെ. നമ്മുടെ പൊതുരംഗം അധികാര ദുർവിനിയോഗത്തിന്റെയും അഴിമതിയുടെയും അരങ്ങായി മാറിയോ എന്ന സംശയം ജനിപ്പിക്കുന്ന സാഹചര്യം. തീർച്ചയായും പൊതുനന്മ ആഗ്രഹിക്കുന്നവരിൽ ഉത്കണ്ഠ വളർത്തുന്ന അവസ്ഥയാണിത്.

നമ്മുടെ രാഷ്ട്രീയ രംഗത്തിറങ്ങുന്നവരുടെ നിലവാരത്തകർച്ച പലപ്പോഴും ചർച്ചാവിഷയമാകാറുണ്ട്. ആദർശധീരരും നേതൃപാടവമുള്ളവരും ഭരണചാതുരിയുള്ളവരും അധികമായി രാഷ്ട്രീയ രംഗത്ത് കടന്നു വരുന്നില്ല. അധികം പ്രശ്നങ്ങളില്ലാത്ത പ്രവർത്തനമേഖലയും സാമ്പത്തിക നേട്ടങ്ങളുമാണ് പൊതുവിൽ മിക്കവരേയും ആകർഷിക്കുന്നത്. നമ്മുടെ യുവജനങ്ങൾ അപ്രകാരമുള്ള പ്രവർത്തന മേഖലകൾ തേടി പോകുന്നത് രാഷ്ട്രീയ രംഗത്ത് മികവുറ്റവരുടെ താരതമ്യേനയുള്ള അസാന്നിധ്യത്തിന് ഇടയാക്കിയെന്നും പറയാം.

നല്ല ഒരു സമൂഹത്തിന് നല്ല ഒരു രാഷ്ട്രീയ നേതൃത്വം കൂടിയേ കഴിയൂ. നമ്മൾക്ക് നല്ല ആശുപത്രികളും വിദ്യാലയങ്ങളും ടെക്നോപാർക്കുകളും ഉണ്ടായേക്കാം. എന്നാൽ അതു ഭംഗിയായും പൊതുനന്മയെക്കരുതിയും നടത്തിക്കൊണ്ടു പോകാനുള്ള രാഷ്ട്രീയ സാഹചര്യം സൃഷ്ടിക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടാൽ നമ്മുടെ വളർച്ചയും സുസ്ഥിതിയും ഫലപ്രദമാവില്ല. ഇവയോടൊപ്പം തന്നെയോ അതുമല്ലെങ്കിൽ അതിനേക്കാൾ ഉയർന്ന നിലവാരം പുലർത്തുന്നതോ ആയ രാഷ്ട്രീയ നേതൃത്വം നമ്മൾക്ക് ഇവിടെ അത്യാവശ്യമാണ്. സാമൂഹ്യ വളർച്ചയിൽ നല്ല രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രാധാന്യം മറ്റു പലതിനേക്കാളും മേലെയാണ്. അത് നമ്മൾ മറക്കുത്.

ഇന്നിപ്പോൾ ത്രിതല പഞ്ചായത്തും മറ്റുമായി രാഷ്ട്രീയക്കാരുടെ പ്രവർത്തനമേഖല ഏറെ വികസിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ സമ്പത്ത് വിന്യസിക്കുന്നതിലും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിലും ഓരോ സമിതിയും നിർണ്ണായക പങ്കു വഹിക്കുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ അറിവും പ്രാപ്തിയും ആദർശനിഷ്ഠയുമുള്ള രാഷ്ട്രീയ പ്രവർത്തകർ എല്ലാ മേഖലകളിലും ധാരാളമായി ആവശ്യമായിരിക്കുന്ന കാലമാണിത്. ഇക്കാര്യം മറന്നുകൊണ്ടുള്ള വികസന ചിന്തകളും പ്രവർത്തന പദ്ധതികളും ഫലപ്രദമാവില്ല എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

നേതൃപാടവവും അറിവും ആദർശധീരതയും ദേശീയബോധവും നിറഞ്ഞ നല്ല രാഷ്ട്രീയനേതൃത്വം സൃഷ്ടിക്കുവാൻ നമ്മൾക്ക് എല്ലാവർക്കും കടമയുണ്ട്. അങ്ങനെയുള്ളവരെ രാഷ്ട്രീയ നേതൃത്വത്തിലേക്ക് വളർത്തിക്കൊണ്ടുവരുവാൻ നമ്മൾ ബോധപൂർവ്വം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ രാഷ്ട്രീയരംഗത്തുനിന്നും പൊതുവായ തലങ്ങളിൽനിന്നും അഴിമതിയും അധികാര ദുർവിനിയോഗവും അകറ്റി നിർത്താൻ ഇപ്രകാരമുള്ളവർ രാഷ്ട്രീയ നേതൃരംഗത്ത് എത്തേണ്ടത് അത്യാവശ്യമാണ് നമ്മൾക്ക് വരുംകാല നേതൃത്വത്തെ ഇപ്പോൾത്തന്നെ വളർത്തിയെടുക്കാൻ പ്രതിജ്ഞാബദ്ധരാകാം.

**"Jagratha News"** - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org
**Blog:** jagrathakcbc.blogspot.com
**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA